**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1531** **10/02/2020-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള പുതിയ വെയർഹൗസുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി വെയർഹൗസുകൾ ആരംഭിച്ചിട്ടുണ്ടോ | എ) ഇല്ല. എന്നാൽ നിലവിലുള്ള വെയർഹൗസുകളിൽ 14 പുതിയ ഗോഡൗണുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അവ എവിടെയൊക്കെയെന്ന് വിശദമാക്കുമോ; | ബി) കാഞ്ഞങ്ങാട്, പട്ടണക്കാട്, പയ്യന്നൂർ, മുതലമട, പൊൻകുന്നം, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, പെരിന്തൽമണ്ണ, തകഴി, ആലപ്പുഴ, ആറ്റിങ്ങൽ, കരുനാഗപ്പള്ളി, വണ്ടൻമേട്, നെടുമങ്ങാട് എന്നീ വെയർഹൗസുകളിലാണ് പുതിയ ഗോഡൗണുകളുടെ പണി പൂർത്തീകരിച്ചത്. |
| സി) വെയർഹൗസുകൾ പുതിയതായി ആരംഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | സി) ഉണ്ട്. പുതിയതായി വെയർഹൗസുകൾ നിർമ്മിക്കുമ്പോൾ ഈ സ്ഥലത്ത് ബിസിനസ് ലഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയിട്ടാണ് പുതിയ വെയർഹൗസുകൾ നിർമ്മിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ലഭ്യമാക്കി ഗോഡൗൺ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടത്തിന്റെ നമ്പർ ലഭിച്ചശേഷം ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കി ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും വെയർഹൗസ് തുടങ്ങുവാനുള്ള ലൈസൻസ് കരസ്ഥമാക്കേണ്ടതുണ്ട്. |
| ഡി) സംസ്ഥാനത്ത് നിലവിൽ എത്ര വെയർഹൗസുകൾ ഉണ്ടെന്ന് അറിയിക്കാമോ? | ഡി) 55 വെയർഹൗസുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ